പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4354

19..10..2011 ൽ മറുപടിക്ക്

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | എ) ഐ&പി.ആർ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാദേശിക വികസന വാർത്താശൃംഖല, ഐ.ടി അധിഷ്ഠിത പരാതിപരിഹാരസെൽ, ഐ.ടി അധിഷ്ഠിത ഫീഡ്ബാക്ക് സിസ്റ്റം; ബാഹ്യ ഏജൻസികൾ വഴിയുള്ള അഭിപ്രായ സർവ്വെ സംവിധാനം എന്നീ കർമ്മപരിപാടികൾ അവയിൽ ചിലതാണ്. ഇവ കൂടാതെ നിരവധി കലാ-സാംസ്കാരിക പരിപാടികളും പത്രമാധ്യമരംഗത്തെ പ്രവർത്തകർക്കായി പ്രോത്സാഹന ക്ഷേമ പരിപാടികളും സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ഇതിനായി ജില്ലാ ഇൻഫർമേഷൻ ആഫീസുകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്; | ബി) ജില്ലാതല ഇൻഫർമേഷൻ ഓഫീസുകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മനുഷ്യവിഭവശേഷിയുടെ കുറവ് പരിഹരിക്കുന്നതിനുമുള്ള പരിപാടികളും വകുപ്പിന്റെ സജീവപരിഗണനയിലാണ്. കൂടാതെ ഐ.ടി അധിഷ്ഠിത പരാതി പരിഹാര പരിപാടിയുടെ പ്രവർത്തനങ്ങൾ ജില്ലാ ഇൻഫർമേഷൻഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ കലാ-സാംസ്കാരിക പരിപാടികൾ ജില്ലാതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ വകുപ്പ് സജീവമായി പരിഗണിച്ചുവരുന്നു. |

| | | |
|---|---|---|
| സി) | താലൂക്ക് തലങ്ങളിൽ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) താലൂക്ക് തലങ്ങളിൽ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം തുടങ്ങാനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ